പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *133** **13.06.2014 ലെ മറുപടിയ്ക്ക്**

## നെൽകൃഷിക്കാർക്ക് നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ്<br>ശ്രീ. റ്റി.യു.കുരുവിള | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) നെൽകൃഷി നശിച്ച കർഷകർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) നെൽകൃഷി നശിച്ച കർഷകർക്ക് 11.06.12 ലെ സ.ഉ. (എംഎസ്) നം.239/2012/ഡി.എം.ഡി (ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ കെ) വകുപ്പിന്റെ) ഉത്തരവ് പ്രകാരം, ഹെക്ടറിന് 10,000/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം, ഇൻഷ്വർ ചെയ്ത നെൽകൃഷി നശിക്കുകയാണെങ്കിൽ 45 ദിവസത്തിനകമുളള വിളകൾക്ക് ഹെക്ടറിന് 7,500/- രൂപ നിരക്കിലും, 45 ദിവസത്തിനു ശേഷമുളള വിളകൾക്ക് ഹെക്ടറിന് 12,500/- രൂപ നിരക്കിലും നഷ്ടപരിഹാരം നൽകി വരുന്നു. കൂടാതെ 2013-14 വർഷം ദേശീയ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നെല്ലിന് ഹെക്ടറിന് 33,250/- രൂപ (ഖാരിഫ്) മുതൽ 35,100/- രൂപ (റാബി) വരെ ഇൻഷ്വറൻസ് പരിരക്ഷയായി നൽകുന്നുണ്ട്. ഇതിന് പ്രീമിയം തുകയുടെ 10% കേന്ദ്ര സംസ്ഥാന സർക്കാരുകൾ വഹിക്കുന്നു. കേന്ദ്ര സർക്കാരിന്റെ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നെല്ലിന് ഒരു ഹെക്ടറിന് 25,000/- രൂപ (റാബി) മുതൽ 35,000/- രൂപ (ഖാരിഫ് 2013-14) വരെ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. ഇതിന് പ്രീമിയം തുകയുടെ 75% കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വഹിക്കുന്നു. കൂടാതെ പ്രകൃതിക്ഷോഭം മൂലം കൃഷിനാശമുണ്ടാകുമ്പോൾ വീണ്ടും വിളയിറക്കുന്നതിന് അടിയന്തിര ഘട്ടങ്ങളിൽ സംസ്ഥാന വിത്തു വികസന അതോറിറ്റി മുഖേന കർഷകർക്ക് സൗജന്യമായി നെൽവിത്ത് ലഭ്യമാക്കുന്നുണ്ട്. 2013-14 വർഷത്തിൽ പ്രകൃതിക്ഷോഭം മൂലം കൃഷി നശിച്ച നെൽകർഷകർക്ക് 1185.68 മെട്രിക് ടൺ നെൽവിത്ത് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. |

(ബി) കൃഷിനാശം സംഭവിച്ചാലുടനെതന്നെ റിപ്പോർട്ട് ശേഖരിച്ച് കാലതാമസം കൂടാതെ നഷ്ടപരിഹാരം നൽകി നെൽകൃഷിയെ സംരക്ഷിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ?

(ബി) നിലവിൽ പ്രകൃതിക്ഷോഭമുണ്ടായി 24 മണിക്കൂറിനകം പ്രാഥമിക വിവരത്തിനുള്ള റിപ്പോർട്ട് നൽകേണ്ടതും അപേക്ഷകൾ 10 ദിവസത്തിനകം കൃഷിഭവനിൽ നൽകേണ്ടതുമാണ്. കൃഷി ഓഫീസർ സ്ഥലപരിശോധന നടത്തി യഥാർത്ഥ നഷ്ടത്തിന്റെ തോത് കണക്കാക്കി ക്ലെയിം തയ്യാറാക്കുകയും അതനുസരിച്ച് ഫണ്ട് ലഭിക്കുന്നതിനായി കൃഷി അസിസ്റ്റന്റ് ഡയറക്ടർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ എന്നിവർ മുഖേന, ജില്ലാ കളക്ടർക്ക് നൽകി ജില്ലാ കളക്ടറിൽ നിന്ന് ഫണ്ട് ലഭ്യമാക്കി കർഷകർക്ക് വിതരണം നടത്തുകയും ചെയ്യുന്നുണ്ട്.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത നെൽകൃഷിക്ക് 15 ദിവസത്തിനകം ഇൻഷ്വറൻസ് മുഖേനയുള്ള നഷ്ടപരിഹാരത്തിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത ക്ലെയിമുകൾ ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഡയറക്ടർ മുഖേന ജില്ലാ കൃഷി ഓഫീസർക്ക് നൽകുകയും, ജില്ലാ കൃഷി ഓഫീസർ മുഖേന നഷ്ടപരിഹാരം നൽകുകയും ചെയ്യുന്നു. രണ്ടു ലക്ഷത്തിലധികം തുക നഷ്ടപരിഹാരമായി നല്കേണ്ട സാഹചര്യത്തിൽ ഗവൺമെന്റ് തലത്തിലുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ നഷ്ടപരിഹാരതുക അനുവദിക്കുന്നു.

സെക്ഷൻ ഓഫീസർ